ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:**15.09.**2025**

## പ്രധാനവാർത്തകൾ

1) ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിലും, രാഷ്ട്രനിർമ്മാണത്തിലും സായുധ സേന വഹിക്കുന്ന പങ്കിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി

2) പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഇന്ന് തുടക്കമായി.

3) പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന്റെ ഉന്നതി വിദേശപഠന സ്കോളർഷിപ്പുകൾ വിതരണം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ .

4) രാജ്യത്ത് ആദ്യമായി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീകൾക്കായ പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കാനൊരുങ്ങി കേരളം.

5) കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും

PNU TVPM

6)ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ മത്സരത്തിൽ ഒമാൻ യുഎഇ യെ നേരിടുന്നു.

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി - പ്രതിരോധം

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിലും, രാഷ്ട്രനിർമ്മാണത്തിലും സായുധ സേന വഹിക്കുന്ന പങ്കിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കംബൈൻഡ് കമാൻഡേഴ്സ് കോൺഫറൻസിൻറെ ഉദ്ഘാടനം കൊൽക്കത്തയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംഘർഷമേഖലകളിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി തിരിച്ചെത്തിക്കൽ, സൗഹൃദ രാജ്യങ്ങൾക്ക് മാനുഷിക സഹായവും ദുരന്ത നിവാരണവും നൽകൽ തുടങ്ങിയവയിൽ ഇന്ത്യൻ സേന നിർണായക സംഭാവന നൽകിയതായും പ്രധാനമന്ത്രി പറഞ്ഞു. കരസേനയുടെ ഈസ്റ്റേൺ കമാൻഡ് ആസ്ഥാനമായ വിജയ് ദുർഗിലാണ് മൂന്നു ദിവസത്തെ കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സായുധ സേനാ വിഭാഗങ്ങൾക്കിടയിലെ ഏകോപനം, സാങ്കേതിക പുരോഗതി, ആധുനികവൽക്കരണം, എന്നിവ സംബന്ധിച്ച ചർച്ചകൾ ഇതിൻറെ ഭാഗമായി നടക്കും.

RNUTVPM

ബിഹാറിലെ പൂർണിയ ജില്ലയിൽ 40,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ചു. പൂർണിയ വിമാനത്താവളത്തിലെ പുതിയ ടെർമിനലിൻറെ ഉദ്ഘാടനത്തിന് പുറമേ വിവിധ റെയിൽ പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിച്ചു. കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ദേശീയ മഖാന ബോർഡിൻറെ ഉദ്ഘാടനവും ശ്രീ മോദി ഇന്ന് ബിഹാറിൽ നിർവഹിച്ചു.

&&&&&&&&&&&&&&&&&&

PNJTVPM

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തുടക്കമായി. മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, മുൻ സ്പീക്കർ പി പി തങ്കച്ചൻ, വാഴൂർ സോമൻ എംഎൽഎ എന്നിവർക്ക് സഭ ചരമോപചാരം അർപ്പിച്ചു. സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കക്ഷിനേതാക്കൾ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി . പൊതുപ്രവർത്തകൻ എന്നതിലുപരി കേരളചരിത്രത്തിലെ പല സുപ്രധാന ഏടുകളെയും വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്ന കണ്ണി കൂടിയായിരുന്നു വി എസ് അച്യുതാനന്ദൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്പീക്കർ എന്ന നിലയിലും, മന്ത്രി എന്ന നിലയിലും പി.പി തങ്കച്ചൻ നടത്തിയ

പ്രവർത്തനങ്ങളെ സഭ അനുസ്മരിച്ചു. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി വാഴൂർ സോമൻ നടത്തിയ ഇടപെടലുകളും നിയമസഭ അനുസ്മരിച്ചു. ചരമോപചാരത്തിന് ശേഷം ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ രാവിലെ ഒൻപതു മണിക്ക് വീണ്ടും ചേരും.

&&&&&&&&&&&&&&&&&&

നമാമി ഗംഗ-(ഇ ൻട്രോ)

RNU TVPM

പൊതുസേവനവും സദ്ഭരണവും ലക്ഷ്യംവച്ച് നിരവധി പരിശ്രമങ്ങളാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്രസർക്കാർ നടത്തിവരുന്നത്. രാജ്യത്തെ മികച്ച പുരോഗതിയിലേക്ക് നയിക്കാൻ ഈ സംരംഭങ്ങളിലൂടെ സാധിച്ചു. നമാമി ഗംഗേ പദ്ധതിയിലൂടെയുണ്ടായ ഗുണപരമായ മാറ്റങ്ങളാണ് ഇന്നത്തെ സേവാ പർവിലൂടെ വിശദമാക്കുന്നത്.

(ഇൻട്രോ മ്യൂസിക്.........)

ഗംഗാനദിയുടെ പുനരുജ്ജീവനത്തിനായി കേന്ദ്രസർക്കാർ 2014 ൽ ആരംഭിച്ച പദ്ധതിയാണ് നമാമി ഗംഗേ. ഗംഗയിലെ മലിനീകരണം തടയൽ, പാരിസ്ഥിതിക പുനരുജ്ജീവനം തുടങ്ങി വിവിധ ലക്ഷ്യങ്ങളാണ് നമാമി ഗംഗേ മുന്നോട്ടുവയ്ക്കുന്നത്. ഗംഗയുടെ ശുചിത്വം ഉറപ്പാക്കുന്നതിൽ എല്ലാവർക്കും കൂട്ടായ ഉത്തരവാദിത്തമുണ്ടെന്ന്

പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കുകയുണ്ടായി. (ഹോൾഡ്.....)

ഗംഗയെ ആശ്രയിച്ച് കഴിയുന്ന ദശലക്ഷക്കണക്കിന് ആളുകളുടെ ജീവനോപാധി സംരക്ഷിക്കുകയും നമാമി ഗംഗേയുടെ ലക്ഷ്യമാണ്.

(Closing Music)

&&&&&&&&&&&&&&&&&&

ഉന്നതി

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന്റെ ഉന്നതി വിദേശപഠന സ്കോളർഷിപ്പുകൾ വിതരണം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതിയിലൂടെ ആയിരം വിദ്യാർഥികൾക്ക് വിദേശ പഠനം സാധ്യമാക്കിയതിന്റെ പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിച്ചു. സംസ്ഥാനത്തിന് അഭിമാനകരമായ നേട്ടമാണിതെന്ന് അദ്ദേഹം പറഞ്ഞു. പിന്നാക്കവിഭാഗത്തിൽ പെട്ട കുട്ടികളുടെ ഉന്നമനത്തിനായാണ് സർക്കാർ ഈ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

RNU TVRM

&&&&&&&&&&&&&&&&&&

കണ്ണൂർ ഇൻട്രോ

മികച്ച പച്ചത്തുരുത്തുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം പ്രഖ്യാപിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന വിഭാഗത്തിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിനാണ് ഒന്നാം സ്ഥാനം. രണ്ടാം സ്ഥാനം തുമ്പമൺ ഗ്രാമപഞ്ചായത്തിനും കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിനും ലഭിച്ചു. കലാലയങ്ങളുടെ വിഭാഗത്തിൽ കണ്ണൂർ പയ്യന്നൂർ കോളേജും വിദ്യാലയങ്ങളുടെ വിഭാഗത്തിൽ കണ്ണൂർ തവിടിശ്ശേരി, വയനാട് വടുവഞ്ചാൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളും ഒന്നാമതെത്തി. പുരസ്കാര വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും.

പച്ച തുരുത്ത് പുരസ്കാരങ്ങളിൽ 12 എണ്ണം സ്വന്തമാക്കിയ കണ്ണൂർ ജില്ലയിൽ നിന്നും *കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ*

*(വോയിസ്)*

PNUTVPM

&&&&&&&&&&&&&&&&&&

സ്ത്രീ പ്രത്യേക ക്ലിനിക്കുകൾ

രാജ്യത്ത് ആദ്യമായി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീ പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കാനൊരുങ്ങി കേരളം. ക്ലിനിക്കുകളുടെ

സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പള്ളിത്തുറ ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നാളെ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാനത്തെ 5,415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും. എല്ലാ ചൊവ്വാഴ്ചയും പ്രവർത്തിക്കുന്ന ക്ലിനിക്കിലൂടെ വിളർച്ച, രക്താതിമർദ്ദം, പ്രമേഹം, കാൻസർ സ്ക്രീനിങ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനുള്ള പരിശോധനകൾ എന്നിവ നടക്കും.

**&&&&&&&&&&&&&&&&&&**

**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ**

RNU TVPM

സംസ്ഥാനത്ത് വോട്ടർമാരുടെ ബോധവൽക്കരണവും പങ്കാളിത്തവും ലക്ഷ്യമിട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രണ്ട് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു. വോട്ടർ സാക്ഷരതാ ക്ലബ്ബുകളെ സജീവമാക്കാനായി "സ്റ്റേ റെഡി, SIR ഈസ് കമ്മിംഗ്" കാമ്പയിനാണ് ആദ്യത്തേത്. "CEO @ Unnathi" എന്ന രണ്ടാമത്തെ പദ്ധതിയുടെ ഭാഗമായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സംസ്ഥാനത്തെ വിവിധ ആദിവാസി മേഖലകൾ സന്ദർശിച്ച് അവിടുത്തെ ജനങ്ങൾ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും. പരിപാടികൾക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ നാളെ അട്ടപ്പാടിയിൽ തുടക്കമിടും.

&&&&&&&&&&&&&&&&&&

**ജിഎസ്ടി**

ഈ മാസം 22 മുതൽ നിലവിൽ വരുന്ന പുതു തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ സാധാരണക്കാർക്ക് ഏറെ ആശ്വാസം നൽകുമെന്ന് കേന്ദ്രസർക്കാർ. 2,500 രൂപയിൽ താഴെ വിലയുള്ള പാദരക്ഷകളുടെ ജിഎസ്ടി നിരക്ക്, 12 ൽ നിന്ന് 5 ശതമാനമായാണ് കുറച്ചിരിക്കുന്നത്. മരം, കല്ല്, ലോഹങ്ങൾ എന്നിവകൊണ്ട് നിർമ്മിച്ച വിഗ്രഹങ്ങളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു.

&&&&&&&&&&&&&&&&&&

**പ്രവാസി ഇൻഷുറൻസ്-നോർക്ക-ഇൻട്രോ**

RNU TVPM

പ്രവാസികൾക്കായി നോർക്ക റൂട്ട്സ് അവതരിപ്പിക്കുന്ന ഇൻഷൂറൻസ് പദ്ധതിക്ക് നവംബർ ഒന്നിനു തുടക്കമാകും. വിദേശ രാജ്യങ്ങളിൽ ആറു മാസമായി ജോലി ചെയ്യുന്നതോ, മറ്റു സംസ്ഥാനങ്ങളിൽ രണ്ടു വർഷമായി ജോലി ചെയ്യുന്നതോ ആയ നോർക്ക ഐഡന്റിറ്റി കാർഡുള്ളവർക്കാണ് ഈ പദ്ധതിയിൽ ചേരാനാവുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

(വോയിസ്)

**&&&&&&&&&&&&&&&&&&**

**ശബരിമല**

കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകുന്നേരം 5 ന് തുറക്കും. കന്നി ഒന്നായ മറ്റന്നാൾ രാവിലെ അഞ്ച് മണിക്കാണ് ദർശനത്തിനായി നട തുറക്കുക. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം ഈ മാസം 20ന് പമ്പയിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സംഗമം ഉദ്ഘാടനം ചെയ്യും. കന്നിമാസ പൂജകൾ പൂർത്തിയാക്കി 21 ന് രാത്രി 10നാണ് നട അടയ്ക്കുക.

**&&&&&&&&&&&&&&&&&&**

**ഏഷ്യാ കപ്പ്**

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ, ടോസ് നേടിയ ഒമാൻ യുഎഇ യെ ബാറ്റിങ്ങിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 13.3 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 99 റൺസ് എന്ന നിലയിലാണ് യുഎഇ. രാത്രി 8 നുള്ള രണ്ടാം മത്സരത്തിൽ ശ്രീലങ്ക ഹോങ്കോങ്ങിനെ നേരിടും.

**&&&&&&&&&&&&&&&&&&**

PNU TVPM